**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 516** **17-09-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിൽ ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്ത പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതി ലഭിക്കാത്തതുമൂലം ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | (പട്ടിക താഴെ) |

| ക്രമ നമ്പർ | പ്രവൃത്തി | ഫയൽ നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | മുണ്ടൂർ ഗ്രാമ പഞ്ചായത്തിലെ 3, 4, 5 വാർഡുകളിലെ മൈലംപുള്ളി പുളിയംപുള്ളി പ്രദേശങ്ങളിലേക്ക് വൈദ്യുതി സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ | 3242196/NC-B1/180/ 2025-FIN | പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് കത്ത്(**അനുബന്ധം-1**) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കി ഉടൻ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 2 | കൊടുമ്പ് പഞ്ചായത്തിലെ ചെമട്ടിയപാടം അങ്കണവാടി ചുറ്റുമതിൽ നിർമാണം | 3241390/NC-B1/177/ 2025-FIN | 20.09.2025 തീയതിയിലെ സ.ഉ.(സാധാ)നം.7618/2025/ ധന നമ്പർ ഉത്തരവ്(**അനുബന്ധം-2**) പ്രകാരം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. |
| 3 | **മലമ്പുഴ ഗ്രാമപഞ്ചായത്തിലെ മലമ്പുഴ ഉദ്യാന പരിസരത്ത് 16 മീറ്റർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ** | 3117943/NC-B1/82/ 2025-FIN | ജില്ലാ കളക്ടറേറ്റിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ച് വരികയാണ്. തീരുമാനം ഉടൻ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ധനകാര്യ(നോഡൽ സെന്റർ -ബി) വകുപ്പ്

**3242196/NC-B1/180/2025-FIN** **24-09-2025,തിരുവനന്തപുരം**

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം

ജില്ലാ കളക്ടർ,
പാലക്കാട്.

സർ,

വിഷയം:- **MLA SDF - 2025-26** - മലമ്പുഴ നിയോജകമണ്ഡലം - വൈദ്യുതി സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ - പ്രത്യേക അനുമതി സംബന്ധിച്ച്.

സൂചന:- 1. **30.07.2025** തീയതിയിൽ മലമ്പുഴ നിയോജകമണ്ഡലം ബഹു. എംഎൽഎ ശ്രീ. എ. പ്രഭാകരൻ അവർകൾ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച കത്ത്(ഉള്ളടക്കം).

2. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ **25.07.2014** തീയതിയിലെ **B.O.(FTD)No.2027/2014(D(D&GE)/P2/LAPDS/2014-2015** നമ്പർ ഉത്തരവ്(ഉള്ളടക്കം).

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **2025-26** വർഷത്തെ എംഎൽഎ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ മുണ്ടൂർ ഗ്രാമ പഞ്ചായത്തിലെ **3, 4, 5** വാർഡുകളിലെ മൈലംപുള്ളി പുളിയംപുള്ളി പ്രദേശങ്ങളിലേക്ക് വൈദ്യുതി സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തി പ്രാദേശിക ഊർജ്ജ വികസന പദ്ധതിയ്ക്ക് കീഴിൽ നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ താത്പര്യപ്പെടുന്നു.

ഇതിന് ബഹു .ധന വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്

വിശ്വസ്തതയോടെ,

**MANJU L R**

അണ്ടർ സെക്രട്ടറി

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

അക്കൗണ്ട്സ് ഓഫീസർ.

Signed by Anupama S
Date: 25-09-2025 11:20:36

അനുബന്ധം-2

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - എംഎൽഎ പ്രത്യേക വികസന നിധി -2025-26- മലമ്പുഴ നിയോജകമണ്ഡലം - കൊടുമ്പ് പഞ്ചായത്തിലെ ചെമട്ടിയപാടം അങ്കണവാടി ചുറ്റുമതിൽ നിർമാണം- പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ(നോഡൽ സെന്റർ-ബി)വകുപ്പ്**

സ.ഉ.(സാധാ) നം.7618/2025/FIN തീയതി,തിരുവനന്തപുരം, 20-09-2025

പരാമർശം:-
1. 29.12.2017 തീയതിയിലെ സ.ഉ (അച്ചടി) നം. 161/2017/ധന ഉത്തരവ്.
2. 30.07.2025 തീയതിയിൽ മലമ്പുഴ നിയോജകമണ്ഡലം ബഹു. എംഎൽഎ. ശ്രീ. എ. പ്രഭാകരൻ അവർകൾ ബഹു. ധനമന്ത്രിയ്ക്ക് സമർപ്പിച്ച കത്ത്.

## ഉത്തരവ്

മലമ്പുഴ നിയോജകമണ്ഡലത്തിൽ 2025-26 സാമ്പത്തിക വർഷത്തെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും 6,50,000/- രൂപ വിനിയോഗിച്ച് കൊടുമ്പ് പഞ്ചായത്തിലെ ചെമട്ടിയപാടം അങ്കണവാടി ചുറ്റുമതിൽ നിർമാണം എന്ന പ്രവൃത്തിയ്ക്ക് പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന് മലമ്പുഴ നിയോജകമണ്ഡലം ബഹു. എംഎൽഎ ശ്രീ. എ. പ്രഭാകരൻ അവർകൾ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പരാമർശം (1) ഉത്തരവിലെ അനുബന്ധം 1 -ലെ ഇനം 13 പ്രകാരം അംഗൻവാടികളുടെ നിർമ്മാണം അനുവദനീയമാണ്. എന്നാൽ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലമ്പുഴ നിയോജകമണ്ഡലത്തിൽ 2025-26 സാമ്പത്തിക വർഷത്തെ എം.എൽ.എ പ്രത്യേക വികസന നിധിയിൽ നിന്നും 6,50,000/- രൂപ (ആറ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിനിയോഗിച്ച് കൊടുമ്പ് പഞ്ചായത്തിലെ ചെമട്ടിയപാടം അങ്കണവാടി ചുറ്റുമതിൽ നിർമാണം എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) ഉത്തരവിലെ അനുവദനീയമായ പ്രവൃത്തികളുടെ ലിസ്റ്റിൽ ഇളവ് വരുത്തിയും മറ്റ് നിബന്ധനകൾ പൂർണമായും പാലിക്കണമെന്ന വ്യവസ്ഥയോടെയും പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREE KUMAR A L

ഡെപ്യൂട്ടി സെക്രട്ടറി

**പകർപ്പ് : -**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ)കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് II)കേരള, തിരുവനന്തപുരം.
3. ബഹു. എംഎൽഎ. ശ്രീ. എ. പ്രഭാകരൻ(മലമ്പുഴ നിയോജകമണ്ഡലം), പുത്തൻ വീട്, മരുതറോഡ് പി.ഒ., പാലക്കാട്-678007.
4. ജില്ലാ കളക്ടർ, പാലക്കാട്.
5. ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [3241390/NC-B1/177/2025-FIN]

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

Signed by Anupama S
Date: 22-09-2025 17:17:3